"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - യു.ജി.സി പെൻഷൻ പരിഷ്കരണം - യു.ജി.സി വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ പെൻഷൻ പരിഷ്കരണ ഉത്തരവുമായി ബന്ധപ്പെട്ട് വിവിധ സംഘടനകളും വ്യക്തികളും സമർപ്പിച്ച പരാതികൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (ഭരണം-എ) വകുപ്പ്**

**സ.ഉ.(കൈ) നം.128/2020/ധന.** തീയതി,തിരുവനന്തപുരം, 14/12/2020

---

പരാമർശം:- 1 സ.ഉ(അ)നം.151/2020/ധന തീയതി 05.11.2020.

2 സ.ഉ(അ)നം.157/2020/ധന തീയതി 19.11.2020.

3 ആക്ഷൻ കൗൺസിൽ ഓഫ് റിട്ടയേർഡ് കോളേജ് ആന്റ് യൂണിവേഴ്സിറ്റി ടീച്ചേഴ്സ് ഓഫ് കേരള 18.11.2020 തീയതിയിൽ ബഹു. ധനകാര്യ മന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനം.

**ഉത്തരവ്**

യു.ജി.സി വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ പെൻഷൻ, കുടുംബ പെൻഷൻ എന്നിവ 01.01.2016 പ്രാബല്യത്തിൽ പരിഷ്കരിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ഈ വിഭാഗത്തിൽപ്പെട്ട പെൻഷൻകാരുടെ പെൻഷന്റെ ഉയർന്ന പരിധി സംസ്ഥാന സർവ്വീസ് പെൻഷൻകാരുടേതു പോലെ 60,000/- രൂപയായി നിജപ്പെടുത്തിയിരുന്നു. എന്നാൽ ഇപ്രകാരം ഉയർന്ന പരിധി 60,000/- രൂപയായി നിശ്ചയിച്ചതു മൂലം 01.01.2016-നു ശേഷം വിരമിച്ചവർക്ക് ആനുകൂല്യമൊന്നും ലഭിക്കുന്നില്ലായെന്നും ആയതിനാൽ പ്രസ്തുത പരിധി ഉയർത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ട് വിവിധ സംഘടനകളും വ്യക്തികളും ധാരാളം നിവേദനങ്ങൾ സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ യു.ജി.സി വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ പെൻഷൻ പരിഷ്കരണ ഉത്തരവുമായി ബന്ധപ്പെട്ട് വിവിധ സംഘടനകളും വ്യക്തികളും സമർപ്പിച്ച പരാതികൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ചുവടെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത കമ്മിറ്റി രണ്ട് മാസത്തിനകം വിഷയം പരിശോധിച്ച് സർക്കാരിനു റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.